**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – അത്തോളി ഗ്രാമപഞ്ചായത്ത് - പെരളിമല ഭൂമി സർവ്വേ നടത്തിയ ചെലവുകൾക്കായി - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3473/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 31/10/2017

---

പരാമർശം:- അത്തോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03/10/2017 ലെ എ 3-3904/17 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ പെരളിമല നിവാസികളിൽ നിന്നും നികുതി പിരിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർവ്വേ നടത്തിയ വകയിൽ ചെലവായ 95,000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം അത്തോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ പെരളിമല നിവാസികളിൽ നിന്നും നികുതി പിരിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർവ്വേ നടത്തിയ വകയിൽ ചെലവായ 95,000/- രൂപ (തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) അത്തോളി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

പ്രസിഡന്റ്/സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത്, അത്തോളി, കോഴിക്കോട്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ